"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - സേവനത്തിൽ നിന്നും വിരമിച്ച കോട്ടയം ജില്ല മീനടം സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് 2 ശ്രീമതി സുജാത വി.കെ-യ്ക്ക് മുൻകാല പ്രാബല്യത്തിൽ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.78/2026/AYUSH തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. ശ്രീമതി സുജാത വി.കെ. സമർപ്പിച്ച 06.06.2025 ലെ ശൂന്യവേതന അവധി അപേക്ഷ.
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 27.06.2024, 31.12.2025 തീയതികളിലെ DISM/461/2024-E1 നം.കത്തുകൾ.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ 31.03.2023 ന് സർവ്വീസിൽ നിന്നും വിരമിച്ച കോട്ടയം ജില്ല മീനടം സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് 2 ശ്രീമതി സുജാത വി.കെ. 10.07.2022 മുതൽ റിട്ടയർമെന്റ് തീയതിയായ 31.03.2023 വരെ ജോലിക്ക് ഹാജരാകാതിരിക്കുകയും തുടർന്ന് രണ്ടാമത്തെ മകന്റെ മരണത്തെ തുടർന്നുണ്ടായ മാനസിക ബുദ്ധിമുട്ട് മൂലം സ്ഥാപനത്തിൽ പോകുന്നതിനു കഴിയാതെ വന്നതിനാൽ തനിക്ക് തുടർച്ചയായി അവധിയിൽ പ്രവേശിക്കേണ്ടി വന്നതായും തന്റെ ബുദ്ധിമുട്ട് മനസിലാക്കി അവധി അനുവദിച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ച് 28.09.2022 മുതൽ 31.03.2023 വരെ പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടിയാളുടെ അപേക്ഷ പരിഗണിച്ച് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി സുജാത വി.കെ. 31.03.2023 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിലും മകന്റെ മരണത്തെ തുടർന്നുണ്ടായ മാനസിക ബുദ്ധിമുട്ടിനെ തുടർന്നാണ് തനിക്ക് തുടർച്ചയായി അവധിയിൽ പ്രവേശിക്കേണ്ടി വന്നതെന്ന ടിയാളുടെ അപേക്ഷ മാനുഷിക പരിഗണന നൽകി അനുഭാവപൂർവ്വം പരിഗണിച്ചും ടിയാളുടെ പരാമർശം (1) പ്രകാരമുള്ള ശൂന്യവേതനാവധി അപേക്ഷ പരിഗണിച്ച് 28.09.2022 മുതൽ 31.03.2023 വരെ, ടി കാലയളവ് ഇൻക്രിമെന്റ്,

ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ, ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
   (ശ്രീമതി സുജാത വി.കെ. യുടെ സേവന പുസ്തകം സഹിതം)
2. ശ്രീമതി സുജാത വി.കെ., നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് 2, സർക്കാർ ആയുർവേദ ആശുപത്രി, മീനടം, കോട്ടയം ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/169/2024-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Pradeep R S
സെക്ഷൻ ഓഫീസർ
Date: 09-02-2026 10:44:51